നിരന്തര കുറ്റവാളിയെ കാപ്പ ചുമത്തി ജയിലിലടച്ചു. എടവനക്കാട് ചാത്തങ്ങാട് ഓളിപ്പറമ്പിൽ വീട്ടിൽ സരുൺ (28) നെയാണ് കാപ്പ ചുമത്തി ജയിലിലടച്ചത്. റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഞാറയ്ക്കൽ മുനമ്പം പോലീസ് സ്റ്റേഷൻ പരിധികളിൽ കൊലപാതക ശ്രമം, തട്ടികൊണ്ട് പോകൽ ദേഹോപദ്രവം ഭീഷണിപ്പെടുത്തൽ മുതലായ നിരവധി കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടയാളാണ് പ്രതി.